MONDAY 18-07-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/07/2022.

1. പ്രധാനമന്ത്രി ബസൽ ബീമാ യോജനയിലും കാലാവസ്ഥ ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി ജൂലൈ 31 ആണ്. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ അക്ഷയ കേന്ദ്രങ്ങളെയോ അംഗീകൃത ഇൻഷുറൻസ് കമ്പനി പ്രതിനിധികളെയോ സമീപിക്കേണ്ടതാണ്. ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് വഴിയും ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും നികുതി ചീട്ട്/പാട്ടചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലെയും വാഴയും മരിച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, ജാതി, കൊക്കോ, കരിമ്പ്, ഏലം, കവുങ്ങ്, തക്കാളി, ചോളം, റാഗി, തിന മുതലായ ചെറു ധാന്യങ്ങൾ, പച്ചക്കറികൾ എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വിള നാശത്തിനുള്ള നഷ്ടപരിഹാരം സീസൺ കഴിഞ്ഞ് സർക്കാർ സമർപ്പിക്കുന്ന പഞ്ചായത്ത് തലത്തിലുള്ള വിളവിന്റെ ഡാറ്റ പ്രകാരമാണ് പ്രധാനമായും തിട്ടപ്പെടുത്തുന്നത്. കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയിൽ സീസൺ കഴിഞ്ഞ കാലാവസ്ഥാ നിലയങ്ങളിൽ നിന്നും ലഭിക്കുന്ന കാലാവസ്ഥ ഡേറ്റ പ്രകാരമാണ് പ്രധാനമായും നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. കൂടാതെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ശക്തിയായ കാറ്റ്, വാഴ, ജാതി, കവുങ്ങ്, കുരുമുളക്, ഏലം, കൊക്കോ എന്നീ വിളകൾക്ക് മാത്രം എന്നിവ കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. വിളയുടെ വളർച്ചഘട്ടത്തെ അടിസ്ഥാനമാക്കി ജോയിൻ കമ്മിറ്റിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആയിരിക്കും നഷ്ടപരിഹാര നിർണ്ണയം. ഇപ്രകാരമുള്ള നഷ്ടപരിഹാര നിർണ്ണയം പ്രധാനമന്ത്രി ഇൻഷുറൻസ് പദ്ധതിയിൽ വെള്ളപ്പൊക്കം കൊണ്ടുണ്ടാകുന്ന വിള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നഷ്ടങ്ങൾക്ക് വാഴയ്ക്കും മരിച്ചീനിക്കും ലഭ്യമാണ്. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് നഷ്ടം സംഭവിച്ചാൽ 72 മണിക്കൂറിനുള്ളിൽ വായ്പ എടുത്ത ബാങ്കിനെയോ കൃഷിഭവനേയോ എഐസി യെ നേരിട്ടോ കർഷകർ മേഖാമൂലം അറിയിക്കേണ്ടതാണ്.

2. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ സീഡ് സ്റ്റോർ നവീകരണം നടത്തിയ സമയത്തെ മാറ്റപ്പെട്ട തറയിൽ പാകിയിരുന്ന തടികൊണ്ടുള്ള പാനലിംഗുകൾ ഈ മാസം 20-ന് (ജൂലൈ 20) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 11 -ന് രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് വേണ്ടി ഇറച്ചിക്കോഴികളെ വളർത്തി നൽകാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ, കെപ്കോ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000922, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'സസ്യ പ്രജനനവും നഴ്സറി പരിപാലനവും'** (Plant propagation and nursery management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറ് മാസമാണ് കോഴ്സിൻ കാലാവധി. കുറഞ്ഞത് 50% മാർക്കോടുകൂടിയ എസ്.എസ്.എൽ.സിയോ തത്തുല്യ വിദ്യാഭ്യാസമോ ആണ് അടിസ്ഥാന യോഗ്യത. അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പരും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 19 ആണ്. www.celkau.in/Online%20Courses/Login.aspx എന്നതാണ് രജിസ്ട്രേഷൻ ലിങ്ക്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി

celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0487 2438567, 0487 2438565, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന 'ബ്രെയിൻ ഗൈൻ ' പദ്ധതിയുടെ ഭാഗമായി **'ചെഡാർ ' 'റിക്കോട്ട '** ഇനത്തിലുള്ള ചീസുകളുടെ നിർമ്മാണ പരിശീലന പരിപാടി ഈ മാസം 22,23 (ജൂലൈ 22 മുതൽ 23 വരെ) തീയതികളിൽ മണ്ണുത്തി വർഗ്ഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിൽ നടത്തുന്നു. പരിശീലന പരിപാടി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപ. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയതി ഈ മാസം 21 ആണ് (21.07.2022). കൂടുതൽ വിവരങ്ങൾക്ക് **9744975460, 9895245661, 9446064366** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ **മാസം 19,20 തീയതികളിൽ ആട് വളർത്തൽ, 22-ന് പോത്ത് വളർത്തൽ, 26,27 തീയതികളിൽ മുട്ടക്കോഴി വളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. ജൂലൈ 27-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

8. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിരിപ്പ് നെൽകൃഷിയിൽ രണ്ടാം ഘട്ട വളപ്രയോഗത്തിനു സമയമായ നെൽപ്പാടങ്ങളിൽ (അടിക്കണ പരുവത്തിനു 7 ദിവസം മുൻപ് ) 25 കിലോ യൂറിയയും 15 കിലോ പൊട്ടാഷും 1 ഏക്കറിന് എന്ന തോതിൽ വളപ്രയോഗം ചെയ്യാവുന്നതാണ്.പറിച്ചു നടീൽ കഴിഞ്ഞ് അൻപതാം ദിവസം കെ എ യു സമ്പൂർണ മൾട്ടിമിക്സ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് കൊടുക്കുന്നതു വഴി സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനും സഹായിക്കും.

9. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

മഴക്കാലത്ത് ഇഞ്ചിയെ ബാധിക്കുന്ന ഒരു രോഗമാണ് പച്ചവാട്ടം. ഇതിനെതിരെ കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുകയും തടങ്ങളിൽ രോഗബാധ കണ്ടാലുടൻ രോഗബാധിതരായ ചെടികൾ അവയുടെ ചുവട്ടിലെ മണ്ണോടെ പിഴുത് മാറ്റുകയും ചെയ്യണം. ഇതിന് ശേഷം വാരങ്ങളിൽ കുമ്മായം വിതറണം. ഒരാഴ്ച കഴിഞ്ഞ് ഒരു കിലോഗ്രാം സ്യൂഡോമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോഗ്രാം മണലുമായി ചേർത്ത് വാരങ്ങളിൽ ഇട്ട് കൊടുക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം